## അനുബന്ധം – I
## കാതോലിക്കാദിനപ്പിരിവ് വിജയിപ്പിക്കുവാൻ
## പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. കാതോലിക്കാ ദിനപ്പിരിവിനുള്ള കവറുകളും ഫോൾഡറുകളും കാതോലിക്കാദിനത്തിനു മുമ്പു തന്നെ എല്ലാ ഭവനങ്ങളിലും എത്തിക്കണം.
2. സഭാദിനത്തിലും അതിനു തൊട്ടുമുമ്പുള്ള ഞായറാഴ്ചകളിലും കാതോലിക്കാദിനപ്പിരിവിന്റെ പ്രാധാന്യത്തെപ്പറ്റിയും അതിൽ നിന്നും ലഭിക്കുന്ന തുകയുടെ വിനിയോഗം സംബന്ധിച്ചും ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് വിശുദ്ധ കുർബ്ബാനയോടനുബന്ധിച്ച് പ്രസംഗങ്ങൾ നടത്തണം. ഇതിനായി അനുയോജ്യരായ വ്യക്തികളെ മെത്രാസന തലത്തിൽ സംഘടിപ്പിക്കണം.
3. ഭവന സന്ദർശനം നടത്തി പിരിവ് സ്വീകരിക്കുന്ന രീതി എല്ലാ പള്ളികളിലും നിർബന്ധമാക്കണം. കാതോലിക്കാ ദിനപ്പിരിവിൽ എല്ലാ ഭവനങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കണം.
4. ഓരോ കുടുംബത്തിൽനിന്നും ലഭിക്കേണ്ട തുക സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ വികാരിയും ഇടവക മാനേജിംഗ് കമ്മറ്റി അംഗങ്ങളും കൂടി ടാർജറ്റായി നിശ്ചയിക്കേണ്ടതാണ്.
5. സാദ്ധ്യമാകുന്നിടത്തോളം കാതോലിക്കാ ദിനത്തിൽതന്നെ സംഭാവന പൂർണ്ണമായും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നത് ഉചിതമായിരിക്കും. മെയ് 31-ന് മുമ്പ് പിരിവ് പൂർത്തീകരിക്കേണ്ടതാണ്.
6. ഒരോ ഇടവകയും സഭാ കേന്ദ്രത്തിൽ നിന്നും നൽകിയിട്ടുള്ള ടാർജറ്റിൽ കവിഞ്ഞ തുക സമാഹരിക്കുവാൻ ആത്മാർത്ഥമായി ശ്രമിക്കണം.
7. കേന്ദ്രത്തിൽ തുക ഏല്പിക്കുമ്പോൾ ഇവിടെനിന്നും നല്കിയിട്ടുള്ള ഫോറം പൂരിപ്പിച്ച് നിർബന്ധമായും തിരികെ നൽകേണ്ടതാണ്.
8. കാതോലിക്കാ ദിനപ്പിരിവിന്റെ കൂടെ 36-ാം ഞായറാഴ്ചയിലെ കാണിക്കയും റശീസായും പ്രത്യേകം ചേർത്താണ് കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ടത്.

## അനുബന്ധം II
## കാതോലിക്കാദിനത്തിൽ എല്ലാ പള്ളികളിലും
## നടപ്പാക്കേണ്ട ചുരുങ്ങിയ പരിപാടികൾ

1. ഇടവകാതിർത്തിക്കകത്ത് കഴിയുന്നിടത്തോളം സ്ഥലങ്ങളിൽ ''മലങ്കര ഓർത്തഡോക്സ് സഭാ ദിനം'', ''മാർത്തോമ്മാ സിംഹാസനം നീണാൾ വാഴട്ടെ'' എന്നി പ്രകാരം മുദ്രണം ചെയ്തിട്ടുള്ള ബാനറുകൾ പ്രദർശിപ്പിക്കുക.
2. ഇടവകയിലെ ഒരോ ഭവനത്തിലും കാതോലിക്കേറ്റ് പതാക ഉയർത്തുക.
3. രാവിലെ കൃത്യം ഏഴ് മണിക്ക് എല്ലാ പള്ളികളിലും കാതോലിക്കേറ്റ് പതാക ഉയർത്തുക.
4. വിശുദ്ധ കുർബ്ബാനമദ്ധ്യേ സഭയ്ക്കുവേണ്ടിയുള്ള പ്രത്യേക പ്രാർത്ഥന നടത്തുക (അനുബന്ധം III)
5. വിശുദ്ധ കുർബ്ബാനയ്ക്ക് ശേഷം സഭാ ചരിത്രം, കാതോലിക്കാ സിംഹാസന ചരിത്രം, കാതോലിക്കാ ദിനപ്പിരിവിന്റെ പ്രസക്തി, സമൂഹ നന്മ ഉൾക്കൊണ്ടുള്ള സഭയുടെ പ്രവർത്തനങ്ങൾ, ഇപ്പോൾ നാം നേരിടുന്ന പ്രശ്നങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ ഇടവകാംഗങ്ങളെ ഉൽബുദ്ധരാക്കത്തക്കവണ്ണമുള്ള പ്രസംഗങ്ങൾ ക്രമീകരിക്കുക.
6. വിശുദ്ധ കുർബ്ബാന, പ്രസംഗം ഇവയ്ക്കു ശേഷം ഇടവകയിലെ ജനങ്ങൾ ബഹു. വികാരിയുടെ നേതൃത്വത്തിൽ സഭാദിന പ്രതിജ്ഞ എടുക്കുക. (അനുബന്ധം IV)
7. കാതോലിക്കാ മംഗളഗാനം എല്ലാവരും ചേർന്ന് ആലപിക്കുക. (ഗാനം അനുബന്ധം V)

## അനുബന്ധം III
## കാതോലിക്കാദിനത്തിലെ പ്രാർത്ഥന
## (ശ്രേഷ്ഠാനുമതിയോടു കൂടിയത്)

### പ്രാരംഭ പ്രാർത്ഥന

പിതാവിനും പുത്രനും പരിശുദ്ധ റൂഹായിക്കും സ്തുതി. ബലഹീനരും പാപികളുമായ ഞങ്ങളുടെമേൽ അനുഗ്രഹങ്ങളും കരുണയും രണ്ടു ലോകങ്ങളിലും എന്നുമെന്നേക്കും ചൊരിയപ്പെടുമാറാകണമേ.

വില കല്പിക്കാവതല്ലാത്ത തന്റെ സ്വന്ത രക്തത്താൽ വിലയ്ക്കു വാങ്ങിയിട്ടുള്ളതും, സത്യവിശ്വാസമാകുന്ന പാറമേൽ പണിയപ്പെട്ടിരിക്കുന്നതും, പാതാളഗോപുരങ്ങൾക്ക് എതിർത്തു നില്ക്കാനാവാത്തതും പാപത്തിന്റെയും, മരണത്തിന്റെയും മേൽ അധികാരം ലഭിച്ചിട്ടുള്ളതുമായ നിന്റെ വിശുദ്ധ സഭയ്ക്കുവേണ്ടി, ദൈവമായ കർത്താവേ, നിന്നെ ഞങ്ങൾ സ്ത്രോത്രം ചെയ്യുകയും നിന്റെ കരുണയുടെ സന്നിധിയിൽ ഞങ്ങൾ അപേക്ഷയും പ്രാർത്ഥനയും സമർപ്പിക്കുകയും ചെയ്യുന്നു. ഈ സഭയിൽ നിന്ന് സകല കലഹങ്ങളെയും തർക്കങ്ങളെയും നീക്കി സമാധാനത്തിന്റെയും സത്യത്തിന്റെയും ദൈവീക ആനന്ദത്തിന്റെയും ആത്മാവിനെ അതിൽ നീ പുതുക്കി സ്വർഗ്ഗീയ സേനകളോടൊത്തുള്ള ദിവ്യാരാധനയ്ക്ക് നിന്റെ വിശുദ്ധ സഭയെ നീ യോഗ്യതയുള്ളതാക്കിത്തീർക്കണമേ. അങ്ങനെ ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായിക്കും സ്തുതിയും സ്തോത്രവും സമർപ്പിക്കും. ഇപ്പോഴുമെല്ലായ്പ്പോഴും എന്നേക്കും തന്നെ ആമ്മീൻ.

### കുക്കിലിയോൻ

(ബോഖ്ന്ദാക്കർ)

വെല്ലും ശത്രുക്കളെ നിന്നാൽ ഞങ്ങൾ - ഹാലേ
ദ്വേഷികളെ മെതിച്ചീടും നിൻ-നാമത്തിൽ
വൈരികളിൽ നിന്നും കാത്തെങ്ങളെ നീ - ഹാലേ
ശത്രുക്കളെ ലജ്ജിപ്പിച്ചു - ബാറെക്മോർ
ശുബഹൊ-മെനഓലം

### എക്ബാ

(സ്ളീബോസ്ക്കോ സ്ളീബോസോക്കെ)
സ്ളീബാ വെന്നു വെല്ലുന്നു
സ്ളീബാ വിദ്വേഷിയെ വെന്നു
സ്ളീബായെ സാക്ഷിച്ചോർക്കായ്
സ്ളീബായാകട്ടെ കോട്ട
സ്തൗമെൻകാലോസ് - കുറിയേലായിസോൻ

### പ്രുമിയോൻ

നാമെല്ലാവരും ...... യാചിക്കണം. അനുഗ്രഹിക്കുന്നവനായ കർത്താവേ.... സ്തുതിയും സ്തോത്രവും......

തന്റെ കൃപയാൽ മനുഷ്യരായ ഞങ്ങളെ ദൈവീകരാക്കി തീർക്കുവാൻ വേണ്ടി മനുഷ്യനായിത്തീർന്ന ദൈവവും, തന്റെ വാൽസല്യശിഷ്യനും ശ്ലീഹായുമായ പരിശുദ്ധ മാർത്തോമ്മായെ ഞങ്ങളുടെ രാജ്യത്തേക്കയച്ച്, മരണനിഴലിൽ നിന്നും പ്രകാശമാർഗ്ഗത്തിലേക്ക് ഞങ്ങളെ കൊണ്ടുവരികയും പരിശുദ്ധ സഭയെ സ്ഥാപിച്ച് അതിൽ ഞങ്ങളേവരെയും ഉറപ്പിച്ച് ഇന്നേവരെയും ഞങ്ങളെ കാത്തുരക്ഷിക്കുകയും ചെയ്ത നല്ല ഉടയവനായ കർത്താവിന് പരിശുദ്ധ സഭയ്ക്കുവേണ്ടിയുള്ള പ്രാർത്ഥന നടത്തുന്ന ഈ സമയത്തും.............

### സെദ്റാ

ലോകത്തിലെ വിവിധ വർഗങ്ങളിൽ നിന്നും ജാതികളിൽ നിന്നും തന്റെ സത്യസുവിശേഷം മൂലം വിളിച്ച് വേർതിരിച്ച് തന്റെ മണവാട്ടിയായ സത്യസഭയെ തനിക്കായി ശ്രേഷ്ഠതപ്പെടുത്തി ഒരുക്കിയവനായ കർത്താവേ, ലോകമെങ്ങുമുള്ള മലങ്കര ഓർത്തഡോക്സ് സഭയ്ക്കുവേണ്ടി ഞങ്ങൾ നിന്നോടു അപേക്ഷിക്കുന്നു. ''എന്റെ കർത്താവും എന്റെ ദൈവവുമേ!'' എന്നാർത്തുവിളിച്ച്, ഉയിർത്തെഴുന്നേറ്റവനായ നിന്നിലുള്ള വിശ്വാസത്തെ പൂർണ്ണമായി പ്രഖ്യാപിച്ച നിന്റെ വത്സലശിഷ്യനും ഞങ്ങളുടെ കാവൽ പിതാവുമായ പരിശുദ്ധനായ മാർത്തോമ്മാ ശ്ലീഹായെ ഇപ്പോൾ ഞങ്ങൾ പ്രത്യേകമായി ഓർക്കുകയും ആ പിതാവിന്റെ മദ്ധ്യസ്ഥതയിൽ ആശ്രയിച്ചുകൊണ്ട് നിന്റെ സന്നിധിയിൽ ഞങ്ങൾ അടുത്തുവരികയും ചെയ്യുന്നു. വിശ്വാസ വിപരീതത്തിന്റെയും പരദേശാക്രമണങ്ങളുടെയും കൊടുങ്കാറ്റിൽ നിന്നും ഈ സഭയെ ഇത്രയും നാൾ നീ കാത്തുസൂക്ഷിച്ച് സത്യവിശ്വാസത്തിൽ ഞങ്ങളെ നിലനിറുത്തുന്നതിനാൽ നിന്നെ ഞങ്ങൾ സ്തോത്രം ചെയ്യുന്നു.

ഇപ്പോഴും കർത്താവേ സഭയ്ക്കു നേരിട്ടുകൊണ്ടിരിക്കുന്ന ഉപദ്രവങ്ങളിൽ നിന്നും അതിനെ നീ കാത്തു കൊള്ളണമേ. സകല പൈശാചിക ശക്തികളിൽ നിന്നും ദുഷ്ടമനുഷ്യരുടെ തിന്മകളിൽ നിന്നും കലഹത്തി ന്റെയും ഭിന്നതയുടെയും ആത്മാവിൽ നിന്നും നിന്റെ സ്ളീബായുടെ ശക്തിയാൽ അതിനെ നീ കാത്തുരക്ഷി ച്ചുകൊള്ളണമെ. സത്യവിശ്വാസത്തിലും നീതിപ്രവൃത്തികളിലും അതിനെ നീ പോഷിപ്പിക്കുകയും ചെയ്യു മാറാകണമെ. വിശുദ്ധ സഭയിൽ നിന്റെ നിരപ്പും സമാധാനവും ഐക്യവും വാഴുമാറാകണമേ. വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ ശ്ലൈഹിക സിംഹാസനത്തെയും സത്യവിശ്വാസത്തെയും അതിൽ നീ കാത്തു കൊള്ളുമാറാകണമെ. കർത്താവേ, പരിശുദ്ധ സഭയുടെ പ്രധാന ഇടയനായ പരിശുദ്ധ കാതോലിക്കാ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ ബാവായെ നീ കാത്തു പരിപാലിച്ച് വിജ്ഞാനവും ശക്തിയും ആയുസ്സും ആരോഗ്യവും നൽകി സഭയെ ശക്തിമാർഗ്ഗത്തിൽകൂടെ നടത്തുവാൻ പ്രാപ്തനാക്കി ത്തീർക്കണമെ. സഭയിലെ എല്ലാ മേൽപ്പട്ടക്കാരെയും പ്രത്യേകിച്ച് ഞങ്ങളുടെ മെത്രാസന മെത്രാപ്പോലീത്താ യായ ........................................................ ........................................................ യും നീ കരുണയോടെ അനുഗ്രഹിച്ച് ശക്തി പ്പെടുത്തണമേ. സഭയിലെ മറ്റു മെത്രാപ്പോലീത്തന്മാരെയും സകല വൈദീകഗണങ്ങളേയും നീ ശക്തിയും കൃപയും നൽകി അനുഗ്രഹിക്കുമാറാകണമേ. നിന്റെ ഇടവകയിലെ ആടുകളെയെല്ലാവരെയും നീ വാഴ്ത്തി അനുഗ്രഹിക്കുമാറാകണമേ. സകലവിധമായ തിന്മയിൽ നിന്നും അവരെ നീ കാത്തുകൊള്ളണമേ. സഭ യോട് മറുതലിക്കുന്നവർക്ക് അനുതാപഹൃദയം നൽകി അവരെ നീ വീണ്ടുകൊള്ളണമെ.

കർത്താവേ, കലഹങ്ങളും ഭിന്നതകളും നീങ്ങി സമാധാനത്തിന്റെയും, സ്നേഹത്തിന്റെയും ആത്മാവിൽ സ്വർഗ്ഗത്തിലെ മാലാഖമാരുടെ ശബ്ദങ്ങളോടൊരുമിച്ച്, ഐകമത്യത്തോടുകൂടെ ഞങ്ങളെല്ലാവരും നിന്നെ സ്തുതിപ്പാൻ നീ ഞങ്ങൾക്ക് കൃപയരുളണമേ, ഞങ്ങളുടെ പാപങ്ങളും അകൃത്യങ്ങളും നിമിത്തം സഭയിൽ വന്നുകൂടുന്ന കലഹങ്ങളെയും ഛിദ്രങ്ങളെയും നീ മായിച്ചു കളയണമെ. താഴ്മയോടും അനുതാപ ഹൃദയ ത്തോടും തിരുമുമ്പാകെ നിൽക്കുവാനും നിന്റെ അപ്രമേയമായ സ്നേഹത്തിന്റെ ശക്തിയാൽ ഞങ്ങളുടെ സകല പാപങ്ങളും കഴുകപ്പെട്ട് ഞങ്ങളെല്ലാവരും നിന്നിൽ ഒന്നായിത്തീരുവാനും നീ കൃപ ചെയ്യണമേ. ഞങ്ങൾ നിനക്കും നിന്റെ പിതാവിനും പരിശുദ്ധ റൂഹായ്ക്കും....

## കോലോകൾ

1. ആഹ്വാനം ചെയ്യുന്നതവി-ക്കെത്തുക നാഥാ
   കലഹിപ്പിക്കുന്നുലകത്തെ ദുഷ്ടൻ - വഞ്ചനയാൽ
   ഭിന്നത നൃപവിധികർത്താക്കളി-ലവനുളവാക്കി
   ധാർമ്മികരേയും വീഴിപ്പാൻ വഴിനോ-ക്കീടുന്നു
   കർത്താവേ! - നിൻ കരുണയിലെന്യേ
   സങ്കേതം - ഞങ്ങൾക്കെങ്ങുള്ളു
   ദുഷ്ടനെ ഞങ്ങളിൽ നിന്നോടിക്കുക നിൻ സ്ലീബായാൽ
   ബാറെക്മോർ - ശുബഹോ - മെനഓലം
2. പ്രാർത്ഥിപ്പിൻ ശ്ലീഹന്മാരേ - കർത്താവോടായ്
   ഭിന്നത സഭതൻ സന്താനങ്ങളി-ലില്ലാതാവാൻ
   നിങ്ങളതിൽ ചൊല്ലിയതാകും - വിശ്വാസത്തെ
   മായിച്ചിടുവാൻ - ദുസ്താർക്കികരതിനെ - ച്ചുറ്റുന്നു
   സത്യമതാം - മൂശയിലാവചനം
   കനകം പോൽ - ശോധിച്ചീടട്ടെ
   വൈദികർ വാഴ്ത്തും ശുദ്ധ സഭയ്ക്കുദയം ചേർത്തോനെ
   മൊറിയോറാഹേം

## ഹൂത്തോമ്മാ

ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമായുള്ളോവേ. നിനക്കു സ്തുതി. നിനക്കു സ്തുതി. നിനക്കു സ്തുതി. ഞങ്ങളുടെ കർത്താവേ, നിന്റെ കൃപയാലും കരുണയാലും ഞങ്ങളുടെ നമ സ്ക്കാരങ്ങൾ ചെവിക്കൊള്ളണമേ. ഞങ്ങളുടെ ശുശ്രൂഷകൾ കൈക്കൊള്ളണമേ. ഞങ്ങളുടെ സഹായത്തി നായി വരേണമേ. ഞങ്ങളുടെ ബലഹീനതയ്ക്ക് ഉത്തരമരുളേണമേ. ഞങ്ങളെല്ലാവരുടെയും മേൽ നിന്റെ അനുഗ്രഹങ്ങൾ എന്നാളും ഉണ്ടായിരിക്കുകയും ചെയ്യണമേ. ഈ സഭയെ സ്നേഹിക്കുകയും അതിനുവേണ്ടി അദ്ധ്വാനിക്കുകയും അൽപ്പമായോ, അധികമായോ അതിനെ സഹായിക്കുകയും ചെയ്യുന്ന എല്ലാവരേയും നീ അനുഗ്രഹിക്കണമെ. അവരുടെ കുടുംബങ്ങളെയും അവരുടെ പ്രവർത്തനങ്ങളെയും വാഴ്ത്തണമേ. അവ രുടെ മരിച്ചുപോയവരെ സ്വർഗ്ഗീയ സൗഭാഗ്യങ്ങളിൽ വസിപ്പിക്കേണമെ. മോറാൻ വാലോഹാൻല്ഒൽമീൻ ആമ്മീൻ.

## അനുബന്ധം IV
## കാതോലിക്കാദിന പ്രതിജ്ഞ

ഞാൻ കർത്താവിന്റെ സഭയാകുന്ന / മലങ്കര
ഓർത്തഡോക്സ് സഭയിലെ അംഗമാകുന്നു
ഇൻഡ്യയിൽ ഈ സഭ സ്ഥാപിച്ചത് /
കർത്താവിന്റെ ശിഷ്യനായ / വിശുദ്ധ മാർത്തോമ്മാ ശ്ലീഹായാണ് /
സത്യവിശ്വാസം / ഭംഗം കൂടാതെ കാക്കുന്ന /
എന്റെ സഭയുടെ / മഹത്തായ പാരമ്പര്യത്തിൽ /
ഞാൻ അഭിമാനം കൊള്ളുന്നു.
സഭയ്ക്ക് ദൈവം നൽകിയിട്ടുള്ള
സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ /
കാതോലിക്കാ സിംഹാസനത്തോടും
അതിൽ വാണരുളുന്ന / പരിശുദ്ധ കാതോലിക്കാബാവാ
മോറോൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ
മാത്യൂസ് തൃതീയൻ തിരുമേനിയോടും /
ഇടവക മെത്രാപ്പോലീത്താ
..............................................................................
..............................................................................തിരുമേനിയോടും
പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിനോടും /
സുന്നഹദോസ് അംഗങ്ങളായ / എല്ലാ തിരുമേനിമാരോടും ഉള്ള
ഭക്തിയും കൂറും / ഞാൻ ആവർത്തിച്ചുറപ്പിച്ച്
പ്രഖ്യാപിക്കുന്നു.
ഞാൻ എന്റെ സഭയെ സ്നേഹിക്കുന്നു.
ഞാൻ എന്റെ സഭയ്ക്കുവേണ്ടി പ്രവർത്തിക്കും /
എന്തു ത്യാഗം സഹിച്ചും / ഞാൻ എന്റെ സഭയുടെ /
അഖണ്ഡതയും സ്വാതന്ത്ര്യവും കാക്കും.
മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനം നീണാൾ വാഴട്ടെ.

(മൂന്നു പ്രാവശ്യം)

**ജയ്, ജയ് കാതോലിക്കോസ്**

(മൂന്നു പ്രാവശ്യം)

## അനുബന്ധം V
## കാതോലിക്കാ മംഗള ഗാനം

മാർത്തോമ്മാ സിംഹാസനത്തിൽ
ആരൂഢനാകും പിതാവേ!
കിഴക്കിന്റെയൊക്കെയും വന്ദ്യകാതോലിക്കാ
ആമോദമായ് വാഴ്ക നീണാൾ

നസറായനാമേശു ശിഷ്യർക്കു നൽകിയ
അതി ശ്രേഷ്ഠാചാര്യത്വം നൂറ്റാണ്ടുകൾ
കൈമറിഞ്ഞെത്തിയീ വന്ദ്യ പിതാവിലാ
ദീപം കൊളുത്തിനീ ആയിരമായ്.....
ദീപം കൊളുത്തിനീ ആയിരമായ്....... (മാർത്തോമ്മാ)

പട്ടിണിപ്പാവങ്ങൾക്കെന്നും തുണയായ്
രോഗികൾ ദു:ഖിതർക്കാലംബമായ്
പതിനായിരങ്ങൾ തൻ മക്കൾക്കിടയനായ്
ഐശ്വര്യ സമ്പൂർണ്ണനായി വാഴ്ക
ഐശ്വര്യ സമ്പൂർണ്ണനായി വാഴ്ക....... (മാർത്തോമ്മാ)

## അനുബന്ധം VI

### പ്രത്യേകം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. ഈ വർഷം ഏപ്രിൽ മാസം 6-ാം തീയതിയാണല്ലോ സഭാദിനം. മാർച്ച് 30-ാം തീയതി ഞായറാഴ്ചയോ, അതിനടുത്ത ഏതെങ്കിലും ദിവസമോ, പള്ളി കമ്മറ്റിയുടെയും ആത്മീയ സംഘടനകളുടെ ഭാരവാഹികളുടെയും മറ്റുള്ള സജീവ പ്രവർത്തകരുടെയും സംയുക്തയോഗം ചേർന്ന് കാതോലിക്കാദിന പരിപാടികളെപ്പറ്റി ആലോചിക്കണം. ഈ പുസ്തകത്തിൽ കൊടുത്തിട്ടുള്ള വിജ്ഞാപനത്തിലും അനുബന്ധത്തിലും ഉള്ള കാര്യങ്ങൾ പ്രസ്തുത യോഗത്തിൽ വായിച്ച് ചർച്ച ചെയ്യണം. ഇടവകയെ വാർഡുകളായി തിരിച്ച് ഒരോ വാർഡിലെയും ഭവനങ്ങൾ സന്ദർശിച്ച് സംഭാവന ഉള്ളടക്കം ചെയ്ത കവറുകൾ ഏറ്റുവാങ്ങാനുള്ള സ്ക്വാഡുകളിൽ ഉൾപ്പെടേണ്ടവർ ആരെല്ലാമായിരിക്കണമെന്നും നിശ്ചയിക്കണം.
2. കാതോലിക്കാദിന പിരിവിനുള്ള കവറുകളിൽ ഒരോ ഗൃഹനാഥന്റെയും സ്വന്തമായി വരുമാനമുള്ള മറ്റുള്ളവരുടെയും പേരുകളും പൂർണ്ണമായ മേൽവിലാസവും പ്രത്യേകം കവറുകളിൽ എഴുതണം.
3. കവറുകളോടൊപ്പം എല്ലാ ഭവനങ്ങളിലും വിതരണം ചെയ്യുന്നതിന് പരിശുദ്ധ കാതോലിക്കാ ബാവാ തിരുമനസ്സിലെ കല്പന, 2021-'22-ലെ ഓഡിറ്റ് ചെയ്ത കാതോലിക്കാ ദിനപ്പിരിവിന്റെ കണക്ക് എന്നിവ അടങ്ങിയ ഫോൾഡറും അയയ്ക്കുന്നു. ഒരോ ഫോൾഡറിലും കല്പനയുടെ പ്രസക്തഭാഗത്ത് ഗൃഹനാഥന്റെ വീട്ടുപേരും പേരും എഴുതിയതിനുശേഷം വേണം വിതരണം ചെയ്യുവാൻ.
4. സഭാ കേന്ദ്രത്തിൽ നിന്നും നിശ്ചയിച്ച് തന്നിട്ടുള്ള ടാർജറ്റ് ഒരോ പള്ളിയും മനസ്സിലാക്കി അതിൽ കവിഞ്ഞ തുക സമാഹരിക്കണം.
5. പതിവുപോലെ ഈ വർഷവും ബഹുമാന്യ വികാരിമാർ റശീസാ പിരിവ് നടത്തി പിരിവു തുക കാതോലിക്കാ ദിനപ്പിരിവിനോടൊപ്പം പ്രത്യേകം നൽകണം.